

Photo: Ajeeb Komachi

# Happiness Unlimited


**ഏഴ് സെന്റ് പ്ലോട്ടിന്റെ പിരിധിയായിരുന്നു ഈ പാർപ്പിടത്തിന്റെ രൂപകല്പനയിലെ പരിമിതി. എലിവേഷന് ഉയരം കൂട്ടിയും നിർവ്വചനത്തിൽ മാറ്റങ്ങൾ നല്കിയും ഈ പരിമിതിയെ സമർത്ഥമായി മറികടന്നിട്ടുണ്ട്**

ഓരോ വീടും നൂതനാവിഷ്ക്കാരമായി മാറുന്നതിന് സഹായിക്കുന്നത് അത് ഉടലെടുക്കുന്ന പരിസ്ഥിതിയുടെ പരിമിതികളും ലഭ്യമായ വിഭവങ്ങളുമാണ്. ചെറിയ പ്ലോട്ടെന്ന വെല്ലുവിളിയും ചുറ്റുമുള്ള കോൺക്രീറ്റ് നിർമ്മിതികളുമാണ് ഈ ഭവനത്തെ അതിനവീനമായ രൂപകല്പനാശയത്തിലൂടെ യാഥാർത്ഥ്യമാക്കാൻ സഹായിച്ചത്. പരിമിതികളെ പ്രതിഭകൊണ്ട് മറികടക്കുന്ന ഡിസൈനറാണ് എ. എം ഫൈസൽ. മലപ്പുറം മഞ്ചേരി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നിർമ്മാൺ ഡിസൈനേഴ്സിന്റെ സാരഥിയാണ് ഇദ്ദേഹം. കൊല്ലം അനന്ദവല്ലീശ്വരത്താണ് ഗോപകുമാറിന്റെയും ഭാര്യ ഡോ.അനുവിന്റെയും ഗൃഹസ്വപ്നങ്ങൾ സഫലമായിരിക്കുന്നത്. പരിധിയുള്ള പ്ലോട്ടിൽ പരിമിതികൾ ഇല്ലാതെ സൗകര്യങ്ങൾ തീർത്തതോടെ വീട്ടുകാരും സന്ദർശകരുമൊക്കെ പരിധിയില്ലാത്ത സന്തോഷത്തിലായിരിക്കയാണ്.

ഈ വീടും ഇതിലെ സൗകര്യങ്ങളും നമ്മൾക്ക് കാണിച്ചുതരുന്നത് ചെറിയപ്ലോട്ടിലെ വലിയവീടിന്റെ ക്രിയാത്മക നിർവ്വചനമാണ്. സമാന രീതിയിൽ ഫൈസൽ ചെയ്ത മറ്റൊരു പാർപ്പിടത്തിന്റെ കഥയറിഞ്ഞാണ് കൊല്ലംകാരനായ ഗോപകുമാർ ഫൈസലിനെതേടി മഞ്ചേരിയിലെത്തിയത്. എന്തായാലും ആ വരവ് വെറുതെയായില്ല. ഒരു കുടുംബത്തിന്റെ ഔദ്യോഗികവും അനൗദ്യോഗികവുമായ സർവ്വ ആവശ്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഫൈസൽ ഈ പാർപ്പിടം യാഥാർത്ഥ്യമാക്കിയിരിക്കുന്നത്. ഡിസൈനിംഗ് രംഗത്ത് പ്രവേശിച്ച കാലം മുതൽക്കേ ക്രിയാത്മകതയ്ക്കും ചാരുതയ്ക്കും കൃത്യമായ സ്ഥാനം നല്കി ഗാർഹിക സംരചന നിർവ്വഹിക്കുന്ന വാസ്തുശില്പിയാണ് ഇദ്ദേഹം. ഈ പാർപ്പിടത്തിലും തന്റെ മേൽവിലാസം കുറിച്ചിരിക്കുന്നത് നൂതനാവിഷ്ക്കാരത്തിലൂടെയാണ്.

ഏഴ് സെന്റ് പ്ലോട്ടിന്റെ പിരിധിയായിരുന്നു ഈ പാർപ്പിടത്തിന്റെ രൂപകല്പനയിലെ പരിമിതി. എലിവേഷന് ഉയരം കൂട്ടിയും നിർവ്വചനത്തിൽ മാറ്റങ്ങൾ നല്കിയും ഈ പരിമിതിയെ സമർത്ഥമായി മറികടന്നിട്ടുണ്ട് ഡിസൈനർ ഫൈസൽ. കോംപൗണ്ട് വാൾ അതിരിടുന്ന പ്ലോട്ടിൽ ഒരിഞ്ച് മണ്ണുപോലും പാഴാവാതെയാണ് വീടിന്റെ രൂപകല്പന. ബാംഗ്ലൂർ സ്റ്റോൺ കൊ





**2600 ചതുരശ്രയടിയിലാണ് ഈ വീട്ടിലെ സർവ്വ സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നത്. വീടിന്റെ സർവ്വകോണിലും ഈ ഡിസൈന റുടെ പ്രതിഭ കാണാവുന്നതാണ്.**

ണ്ടാണ് മുറ്റം. കൊല്ലത്ത് പ്രാദേശികമായി കിട്ടുന്ന ബ്രിക്കാണ് സ്ട്രക്ചറിന്. പുട്ടി പെയിന്റ് ഫിനിഷാണ് ഭിത്തികളിൽ. ഒരു ഭാഗത്ത് നാചറൽ സ്റ്റോൺ ക്ലാഡിംഗാണ്. ഫ്ളാറ്റ്-സ്ലോപ്പ് റൂഫിന്റെ ഫ്യൂഷൻ സ്റ്റൈലാണ് മേൽക്കൂരയ്ക്ക്. വീടിന്റെ ഉയരം കൂട്ടുന്നതിനും കൂടുതൽ ഏരിയ കിട്ടുന്നതിനുമൊക്കെ ഈ ഫ്യൂഷൻ സ്റ്റൈൽ സഹായിച്ചിട്ടുണ്ട്. ' 'ഇത്രയും ചെറിയ പ്ലോട്ടിൽ കുടുംബാവശ്യങ്ങൾക്കൊപ്പം ഗോപകുമാറിന്റെ ഭാര്യയ്ക്ക് ഒരു കൺസൽട്ടിംഗ് റൂമും രോഗികൾക്ക് വിശ്രമിക്കുന്നതിനുള്ള സ്ഥലവും ഒരുക്കാൻ പറ്റുമോ എന്നതായിരുന്നു ക്ലൈന്റിന്റെ സംശയം. കൃത്യമായ സ്പേസ് മാനേജ്മെന്റും അതിന്റെ പ്ലാനിംഗും നിർവ്വഹണവും കുടുംബാംഗങ്ങൾ ഓരോരുത്തരുടെയും ആവശ്യങ്ങൾ പരിഗണിച്ച് കൊണ്ടാണ് നടത്തിയിരിക്കുന്ന





എ. എം ഫൈസൽ
നിർമ്മാൺ ടവർ
മഞ്ചേരി,
മലപ്പുറം .
ഫോൺ: 04832760285

ട്രാൻസ്പരന്റ് പാർട്ടീഷനാണ് ഇടങ്ങളെ വേർതിരിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നത്

ത്.' ഡിസൈനർ ഫൈസൽ കുടുംബാംഗങ്ങളുടെ ആവശ്യം എന്താണെന്ന് വ്യക്തമാക്കുന്നു. വീട്ടുടമസ്ഥനായ ഗോപകുമാറിന്റെ ഭാര്യ ഡോക്ടറാണ്; വീട്ടിൽതന്നെ ഒരു കൺസൽട്ടിംഗ് റൂം എന്നത് അവരുടെ പ്രത്യേക ആവശ്യമായിരുന്നു.

പോർച്ച് , രണ്ട് സിറ്റൗട്ട്, ലിവിംഗ്, ഡൈനിംഗ്, കിച്ചൺ വർക്ക് ഏരിയ, യൂട്ടിലിറ്റി റൂം, പൂജ സ്പേസ്, കൺസൾട്ടിംഗ് റൂം മാസ്റ്റർ ബെഡ്റൂം എന്നിവയാണ് ഗ്രൗണ്ട് ഫ്ളോറിൽ. മുകൾ നിലയിൽ മൂന്ന് കിടപ്പുമുറികളും ഒരു ഫാമിലി ലിവിംഗ്





▲ പരമാവധിവെന്റിലേഷൻ ലഭിക്കത്തക്ക വിധത്തിലാണ് മുറികളുടെ ക്രമീകരണം

സ്പേസുമാണ് ടെറസ് തുറന്നിട്ടിരിക്കയാണ് 2600 ചതുരശ്രയടിയിലാണ് ഈ വീട്ടിലെ സർവ്വ സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നത്. വീടിന്റെ സർവ്വകോണിലും ഈ ഡിസൈനറുടെ പ്രതിഭ കാണാവുന്നതാണ്.

വിട്രിഫൈഡ് ടൈലിന്റെ ഗരിമയാണ് ഫ്ളോറിന്. ഇടത്തിന്റെ പ്രാധാന്യവും ഉപയോഗിക്കുന്നവരുടെ അഭിരുചിയും ടൈലിന്റെ നിറത്തിലുംസൈസിലും മാറ്റങ്ങൾ വരുത്തുന്നു. സോളിഡ് വുഡിലും തേക്കിലുമാണ് വീട്ടകത്തെ ഫർണിച്ചർ. വാതിലുകൾക്കും ജനലുകൾക്കും ഇതേ മരങ്ങൾ തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. ഇടങ്ങൾക്ക് വിസ്തൃതി കൈവരിക്കാൻ ഫുൾ പാർട്ടീഷൻ ഒഴിവാക്കിയിട്ടുണ്ട്. സ്വീകരണ മുറിയും ഡൈനിംഗും തമ്മിൽ വേർതിരിക്കുന്നത് ടി വി സ്റ്റാൻഡാണ്. സ്വീകരണ മുറിയിൽ സീലിംഗിലും വുഡ് ഫിനിഷാണ് നൽകിയിരിക്കുന്നത്. ഫാബ്രിക് അപ്ഹോൾസ്റ്ററിയാണ് ഇരിപ്പിടങ്ങൾക്ക്. ഇരിപ്പിടങ്ങളും കോഫി ടേബിളും സ്റ്റോറേജ് ബോക്സുകളുമാണ് സ്വീകരണ മുറിയിലെ ഫർണിച്ചർ.

കൺസൽട്ടിംഗ് റൂമും വെയിറ്റിംഗ് റൂമും വീടിന്റെ






HOME info

ഡിസൈനർ
എ എം ഫൈസൽ
ക്ലൈന്റ് ഗോപകുമാർ നായർ
ലൊക്കേഷൻ കൊല്ലം ആനന്ദവല്ലീശ്വരം
പ്ലോട്ട് 6 സന്റ്
ഏരിയ – 2600 ചതുരശ്രയടി
സ്ട്രക്ചർ ഇഷ്ടിക
ക്ലാഡിംഗ് സ്റ്റോൺ
എക്സ്റ്റീരിയർ ഫിനിഷ് പുട്ടി, പെയിന്റ് ഫിനിഷ്
ഫ്ളോറിംഗ് വിട്രിഫൈഡ് ടൈൽ
സ്റ്റെയർ വുഡ് സ്റ്റീൽ
ഫർണിച്ചർ – സോളിഡ് വുഡ് തേക്ക്
കൗണ്ടർ ടോപ്പ് നാനോ വൈറ്റ് മാർബിൾ
ക്യാബിനറ്റുകൾ മറൈൻ പ്ലൈവുഡ് വെനീർ
അപ്ഹോൾസ്റ്ററി – ഫാബ്രിക്
കർട്ടൺ റോമൻ ബ്ലൈൻഡ്സ്

കൺസൽട്ടിംഗ് റൂമും വെയിറ്റിംഗ് റൂമും വീടിന്റെ ഒരു ഭാഗത്തായിട്ടാണ്




ഒരു ഭാഗത്തായിട്ടാണ്. ഡോട്കറെ കാണാനായി എത്തുന്നവർ വീട്ടുകാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത രീതിയിലാണ് കൾസൾട്ടിംഗ് റൂമിന്റെ പ്ലാനിംഗ്. തൊടിയിലുണ്ടായിരുന്ന കിണറിന് ഗ്രിൽ കവറിംഗും ഫെൻസിഗും നിർമ്മിച്ചിരിക്കുന്നത് ബഞ്ചിന്റെ മാതൃകയിലാണ്.ഡോക്ടറെ കാണാനെത്തുന്നവർക്ക് വിശ്രമത്തിന് ഇത് സൗകര്യമൊരുക്കുന്നു. ഈ വീട്ടകത്ത് നിന്നുള്ള സർഗാത്മകകാഴ്ചകളിൽ ഒന്നാണിത്.

സ്വീകരണ മുറിയോട് ചേർന്നാണ് ഡൈനിംഗ്. ഇന്റീരിയറിന്റെ ഹൃദയഭാഗം ഇതാണ്. മുകൾ നിലയിലേക്കും മാസ്റ്റർ ബെഡ്റൂമിലേക്കും കിച്ചൺ പ്രൈവറ്റ് ഗാർഡൻ എന്നിവിടങ്ങളിലേക്കും നീങ്ങുന്നത് ഇവിടെ നിന്നാണ്. വുഡും മെറ്റലും കൊണ്ടുള്ളതാണ് സ്റ്റെയർകേസ്. ഇന്റീരിയറിനെ കൂടുതൽ ഫംഗ്ഷണലാക്കുന്നതിനാണ് സ്റ്റെയർകേസ് വുഡിലും സ്റ്റീലിലും തീർത്തിരിക്കുന്നത്. സ്റ്റെയറിന്റെ അടിഭാഗം പെബിൾ ബെഡാണ്. ഇൻഡോർ പ്ലാന്റുകളും സിന്തറ്റിക്ക് മാറ്റുമാണ് ഇവിടെ. ഇതിനോട് ചേർന്നുള്ള വുഡൻ ബ്രിഡ്ജ് വഴിവേണം മാസ്റ്റർ ബെഡ്റൂമിലേക്ക് എത്താൻ. ഫോർമലായിട്ടാണ്

ഡിസൈനിംഗ്. ആറുപേർക്ക് ഒരേസമയം ആഹാരം കഴിക്കാം. വാഷ് ഏരിയ ഹൈലൈറ്റ് ചെയ്തിരിക്കുന്നുത് സ്റ്റോൺ ക്ലാഡിംഗ് കൊണ്ടാണ്. ഡിസൈനിംഗിൽ നിന്ന് പ്രൈവറ്റ് ഗാർഡൻ ഏരിയായിലേക്ക്



സ്റ്റെയറിന്റെ ലാന്റിംഗാണ് അപ്പർലിവിംഗാക്കി മാറ്റിയിരിക്കുന്നത്. വുഡും സ്റ്റീലും കൊണ്ടുള്ള റെയിൽ ലാന്റിംഗിലും സുരക്ഷ നൽകുന്നു.



ഗോപകുമാറും കുടുംബവും



ഒരു ഓപ്പണിംഗും നൽകിയിട്ടുണ്ട്. വാൾ മൗണ്ടിംഗാണ് വാഷ് കൗണ്ടർ. ജിപ്സവും പ്ലൈവുഡും കൊണ്ടാണ് സീലിംഗിന്റെ ഫീച്ചറുകൾ തീർത്തിരിക്കുന്നത്. ഓപ്പൺ കിച്ചണാണ് ഇവിടെ. നാനോ വൈറ്റാണ് കൗണ്ടർ ടോപ്പിൽ ബ്രേക്ക് ഫാസ്റ്റ് കൗണ്ടറും ചേർന്നതാണ് കിച്ചൺ. മറൈൻ പ്ലൈവുഡും വെനീറുമാണ് മൊഡ്യൂളുകൾ നിർമ്മിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നത്. സ്റ്റോറേജിന് ധാരാളം സ്ഥലം നൽകിയിയിട്ടുണ്ട്. ഭിത്തിയിൽ ടൈലാണ്.

സ്റ്റെയറിന്റെ ലാന്റിംഗാണ് അപ്പർലിവിംഗാക്കി മാറ്റിയിരിക്കുന്നത്. വുഡും സ്റ്റീലും കൊണ്ടുള്ള റെയിൽ ലാന്റിംഗിലും സുരക്ഷ നൽകുന്നു. ഇരിപ്പിടസൗകര്യങ്ങൾ മാത്രമേ അപ്പർ ലിവിംഗിലുള്ളൂ. അവശ്യമെങ്കിൽ കൂടുതൽ മനോഹരമാക്കാവുന്നതാണ്. ഇരു നിലകളിലുമായി നാലു കിടപ്പുമുറികളാണ് ഇവിടെ. ബാത്ത് അറ്റാച്ച്ഡ് കിടപ്പുമുറികളിൽ പാർഡ്രോബും കട്ടിലുമാണ് ഫർണിച്ചർ. ഡ്രസ്സിംഗ് ഏരിയയും കിടപ്പുമുറിയുടെ ഭാഗമായിട്ടുണ്ട്.

ക്ലൈന്റിന്റെ മാത്രമല്ല കാഴ്ചക്കാരുടെയും മനസ്സു നിറയ്ക്കുന്നതാണ് ഈ വീട്ടു വിശേ





ഓപ്പൺ കിച്ചണാണ് ഇവിടെ. നാനോ വൈറ്റാണ് കൗണ്ടർ ടോപ്പിൽ ബ്രേക്ക് ഫാസ്റ്റ് കൗണ്ടറും ചേർന്നതാണ് കിച്ചൺ. മറൈൻ പ്ലൈവുഡും വെനീറുമാണ് മൊഡ്യൂളുകൾ നിർമ്മിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നത്

ഷങ്ങൾ. എക്സ്റ്റീരിയറിന്റെ കമനീയതയേക്കാൾ ഇന്റീരിയറിന്റെ പ്രൗഢിയും സ്പേസ് മാനേജ് മെന്റുമാണ് മനസ്സിൽ നിന്നും മായാത്തത്. ക്രിയാത്മക നിർവ്വചനങ്ങൾ പൂർണചാരുതയോടെയാണ് ഈ പാർപ്പിടത്തിന്റെ ഓരോ കോണിലും ഡിസൈനർ ഫൈസൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

